ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:21.07.2026**

## പ്രധാനവാർത്തകൾ

1. രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ ത്രിരാഷ്ട്ര സന്ദർശനം തുടരുന്നു. മാസിഡോണിയൻ പ്രസിഡന്റുമായി ഉഭയകക്ഷി ചർച്ചകൾ നടത്തും.

2. നീറ്റ് ചോദ്യ പേപ്പർ ചോർച്ച ഉൾപ്പെടെയുള്ള വിഷയങ്ങളിൽ പാർലമെന്റിന്റെ ഇരുസഭകളിലും ഇന്നും പ്രതിപക്ഷ പ്രതിഷേധം.

3. സംസ്ഥാനത്തെ 38 തദ്ദേശ സ്വയംഭരണ വാർഡുകളിലേക്കുള്ള കരട് വോട്ടർ പട്ടിക ഇന്ന് പ്രസിദ്ധീകരിക്കും.

4. സ്റ്റുഡൻറ് പോലീസ് കേഡറ്റ് പദ്ധതിയിലേക്ക് പുതുതായി ഉൾപ്പെടുത്തുന്ന യൂണിറ്റുകളുടെ പ്രഖ്യാപനം ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല നാളെ നിർവ്വഹിക്കും.

5. വയനാട്ടിൽ വീണ്ടും ഷിഗെല്ല സ്ഥിരീകരിച്ചു. പ്രതിരോധ പ്രവർത്തനങ്ങൾ മന്ത്രി ടി സിദ്ദിഖിന്റെ നേതൃത്വത്തിൽ വിലയിരുത്തി.

6. കർക്കടക മാസ പൂജകൾ പൂർത്തിയാക്കി ശബരിമല ക്ഷേത്ര നട ഇന്ന് അടയ്ക്കും.

**************************

RNUTVPM

## രാഷ്ട്രപതി -മാസിഡോണിയ

ത്രിരാഷ്ട്ര സന്ദർശനത്തിൻറെ രണ്ടാം ഘട്ടത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമു നോർത്ത് മാസിഡോണിയയിൽ എത്തി. മാസിഡോണിയൻ പ്രസിഡൻറ് ഗോർദാന സീൽയനോവ്സ്ക-ദാവ്കോവയുമായി രാഷ്ട്രപതി ഉഭയകക്ഷി ചർച്ചകൾ നടത്തും. മാസിഡോണിയൻ പ്രധാനമന്ത്രി, അസംബ്ലി സ്പീക്കർ എന്നിവരെയും സന്ദർശിക്കും.

**************************

## പാർലമെൻറ്

നീറ്റ് ചോദ്യ പേപ്പർ ചോർച്ച ഉൾപ്പെടെയുള്ള വിഷയങ്ങളിൽ പാർലമെന്റിൽ ഇന്നും പ്രതിപക്ഷ പ്രതിഷേധം. ഇരുസഭകളും ഉച്ചയ്ക്ക് രണ്ടു മണി വരെ നിർത്തിവെച്ചു. നടപടികളുമായി സഹകരിക്കണമെന്ന് ലോക്സഭാ സ്പീക്കർ അഭ്യർത്ഥിച്ചെങ്കിലും പ്രതിഷേധം തുടർന്നതോടെ സഭ നിർത്തിവെക്കുകയായിരുന്നു. നീറ്റ് വിഷയത്തിൽ ഇന്നലെ ന്യൂഡൽഹിയിൽ വിദ്യാർത്ഥികൾ നടത്തിയ പ്രതിഷേധം രാജ്യസഭ പ്രതിപക്ഷ നേതാവ് മല്ലികാർജുൻ ഖാർഗെ സഭയുടെ ശ്രദ്ധയിൽപ്പെടുത്തി. തുടർന്ന്, പ്രതിപക്ഷ ഭരണപക്ഷ ബഹളത്തെത്തുടർന്ന് ഉപരിസഭയും നിർത്തിവെച്ചു.

RNU TVPM

**************************

## പി എം - എൻ ഡി എ മീറ്റിങ്

എൻ.ഡി.എ പാർലമെൻററി പാർട്ടി യോഗം പാർലമെൻറ് ഹൗസിൽ ചേർന്നു. പരീക്ഷകളിൽ ചോദ്യപേപ്പർ ചോർച്ച തടയുന്നതിന് ഏകോപിത ശ്രമങ്ങൾ നടത്തണമെന്ന് യോഗത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ആഹ്വാനം ചെയ്തതായി പാർലമെൻററി കാര്യ മന്ത്രി കിരൺ റിജിജു മാധ്യമങ്ങളോട് പറഞ്ഞു.

**************************

## യുക്രെയ്ൻ

യുക്രെയ്നിലെ ഒഡെസ തുറമുഖത്ത് 'എംവി ഗോൾഡൻ ലിയോ' എന്ന കപ്പലിനുനേരെയുണ്ടായ ആക്രമണത്തെ ഇന്ത്യ അപലപിച്ചു. സംഭവത്തിൽ ഒരു മലയാളി ഉൾപ്പടെ നാല് ഇന്ത്യൻ പൗരന്മാർ കൊല്ലപ്പെടുകയും ഒരാൾക്ക് ഗുരുതര പരിക്കേൽക്കുകയും ചെയ്തു. കാസർഗോഡ് വെള്ളരിക്കുണ്ട് സ്വദേശിയായ നാവികൻ അഖിൽ ജോയൻ ആണ് മരിച്ചത്.

**************************

## വയനാട് - ഷിഗെല്ല

വയനാട്ടിൽ വീണ്ടും ഷിഗെല്ല സ്ഥിരീകരിച്ചു. വയനാട് എഞ്ചിനീയറിംഗ് കോളേജ് വിദ്യാർത്ഥിക്കാണ് രോഗം സ്ഥിരീകരിച്ചത്. രോഗലക്ഷണങ്ങളുള്ള നാല് വിദ്യാർത്ഥികൾ ചികിത്സ തേടി. മന്ത്രി ടി സിദ്ദിഖിന്റെ അധ്യക്ഷതയിൽ ഇന്ന് ഉന്നതതല യോഗം ചേർന്ന് പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തി.

**************************

## ജന്തുജന്യരോഗം -കോഴിക്കോട് (ഇൻട്രോ)

ലോക ജന്തുജന്യരോഗ ദിനാചരണത്തിന്റെ ഭാഗമായി കോഴിക്കോട് ജില്ലയിൽ വിവിധ പരിപാടികൾ സംഘടിപ്പിച്ചു. ജില്ലാ മെഡിക്കൽ ഓഫീസ്, ദേശീയ ആരോഗ്യ ദൗത്യം, പെരുവണ്ണാമൂഴി കുടുംബാരോഗ്യകേന്ദ്രം എന്നിവയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച പരിപാടിയിൽ ജന്തു ജന്യ രോഗങ്ങൾ പ്രതിരോധിക്കുന്നതിൽ വിവിധ വകുപ്പുകളുടെ പങ്കിനെക്കുറിച്ച് ചർച്ചയായി.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർബാബു...**

(വോയ്സ്)

**************************

RIU TVM

## കരട് വോട്ടർ പട്ടിക

സംസ്ഥാനത്തെ 38 തദ്ദേശ സ്വയംഭരണ വാർഡുകളിലേക്കുള്ള കരട് വോട്ടർ പട്ടിക ഇന്ന് പ്രസിദ്ധീകരിക്കും. അന്തിമ പട്ടിക ഓഗസ്റ്റ് 19 ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ പുറത്തിറക്കും. 2026 ജനുവരി ഒന്നിനോ അതിനു മുൻപോ 18 വയസ്സ് തികഞ്ഞവർക്ക് sec.kerala.gov.in എന്ന വെബ്സൈറ്റ് വഴി വോട്ടർ പട്ടികയിൽ പേര് ചേർക്കാവുന്നതാണ്.

*************************

## സ്റ്റുഡൻറ് പോലീസ് കേഡറ്റ്

സ്റ്റുഡൻറ് പോലീസ് കേഡറ്റ് പദ്ധതിയിലേക്ക് പുതുതായി ഉൾപ്പെടുത്തുന്ന യൂണിറ്റുകളുടെ പ്രഖ്യാപനം നാളെ ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല നിർവ്വഹിക്കും. ചടങ്ങിൽ സ്റ്റുഡൻറ് പോലീസ് കേഡറ്റുകളെ തൂഫാൻ വാരിയേഴ്സായും പോൽ-ബ്ലഡ് അംബാസഡർമാരായും സൈബർ വാരിയേഴ്സായും പ്രഖ്യാപിക്കും. SPC പദ്ധതിയുടെ സമഗ്ര വിവരങ്ങൾ അടങ്ങിയ വെബ് പോർട്ടൽ പൊതുവിദ്യാഭ്യാസ മന്ത്രി എൻ ഷംസുദ്ദീൻ പ്രകാശനം ചെയ്യും.

RNU TVPM

*************************

## ശബരിമല യോഗം (ഇൻട്രോ)

ശബരിമല തീർത്ഥാടനകാല മുന്നൊരുക്കങ്ങൾ ചർച്ച ചെയ്യുന്നതിനായുള്ള യോഗം പമ്പയിൽ ആരംഭിച്ചു. മന്ത്രി പി.കെ ബഷീറിന്റെ അധ്യക്ഷതയിലാണ് യോഗം. അതേസമയം , കർക്കടക മാസ പൂജകൾ പൂർത്തിയാക്കി ശബരിമല ക്ഷേത്ര നട ഇന്ന് അടയ്ക്കും.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ....**

(വോയ്സ്)

*************************

## നിതിൻ രാജ് - പ്രത്യേക അന്വേഷണ സംഘം

കണ്ണൂർ അഞ്ചരക്കണ്ടി ഡെന്റൽ കോളേജ് വിദ്യാർഥി നിതിൻ രാജിൻറെ മരണത്തിൽ ക്രൈംബ്രാഞ്ച് ഐ.ജി അജിത ബീഗത്തിന്റെ നേതൃത്വത്തിൽ പ്രത്യേക അന്വേഷണസംഘത്തെ നിയോഗിക്കാൻ തീരുമാനം. നിതിൻ രാജിൻറെ കുടുംബം മന്ത്രി രമേശ് ചെന്നിത്തലയെ കണ്ട് നിലവിലെ അന്വേഷണത്തിൽ തൃപ്തിയില്ലെന്ന് അറിയിച്ചിരുന്നു. അതിനിടെ ഇന്നലെ അറസ്റ്റിലായ അധ്യാപകൻ ഡോ. എം.കെ.റാമിനെ പോലീസിന്റെ വീഴ്ച ചൂണ്ടിക്കാട്ടി തലശ്ശേരി സെഷൻസ് കോടതി വിട്ടയച്ചു.

***************************

## സമുദ്രസുരക്ഷ പരിശീലനം

ദക്ഷിണ നാവിക കമാൻഡിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന ബഹുരാഷ്ട്ര സമുദ്രസുരക്ഷാ പരിശീലനം **ഓപ്പറേഷൻ സതേൺ റെഡിനസിന്** കൊച്ചിയിൽ തുടക്കമായി. നാല് ദിവസത്തെ പരിശീലന പരിപാടിയിൽ 26 രാജ്യങ്ങളിൽ നിന്നായി 254 പ്രതിനിധികൾ പങ്കെടുക്കും. കപ്പൽ നിയന്ത്രണം, നാവിഗേഷൻ, സമുദ്ര അടിയന്തര ആശയവിനിമയം, ദുരന്തനിവാരണം തുടങ്ങിയവയിലാണ് പരിശീലനം.

RNU TVPM

***************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

(ബ്രേക്ക്)

***************************

## സിക്കിം - മണ്ണിടിച്ചിൽ

സിക്കിമിലെ നാംചി ജില്ലയിൽ നിർമ്മാണത്തിലിരിക്കുന്ന തുരങ്കത്തിലുണ്ടായ അപകടത്തിൽപ്പെട്ടവർക്കായുള്ള

രക്ഷാപ്രവർത്തനം ഊർജ്ജിതം. ഇതുവരെ ഒൻപത് മൃതദേഹങ്ങൾ പുറത്തെടുത്തതായി പോലീസ് അറിയിച്ചു. 25 ഓളം പേർ ഇനിയും കുടുങ്ങിക്കിടക്കുന്നതായാണ് സംശയിക്കുന്നത്. പ്രധാനമന്ത്രി നരേന്ദ്ര മോദി സിക്കിം മുഖ്യമന്ത്രിയുമായി സംസാരിച്ചു. കേന്ദ്രസർക്കാരിന്റെ എല്ലാ സഹായവും ഉറപ്പുനൽകി.

**************************

## വിഎസ് അച്യുതാനന്ദൻ

മുൻ മുഖ്യമന്ത്രി വി എസ് അച്യുതാനന്ദൻറെ ഒന്നാം ചരമവാർഷിക ദിനത്തോടനുബന്ധിച്ച് ഇന്ന് സംസ്ഥാനത്തുടനീളം വിപുലമായ അനുസ്മരണ പരിപാടികൾ സംഘടിപ്പിക്കും. വി.എസിന്റെ ആലപ്പുഴയിലെ വീട്ടു മുറ്റത്ത് സ്ഥാപിച്ച അർദ്ധകായ പ്രതിമ പത്നി വസുമതിയും മകൻ അരുൺ കുമാറും ചേർന്ന് അനാച്ഛാദനം ചെയ്യു. വിഎസ് അന്ത്യവിശ്രമം കൊള്ളുന്ന ആലപ്പുഴ വലിയ ചുടുകാട്ടിൽ സംഘടിപ്പിച്ച അനുസ്മരണ സമ്മേളനം സി പി ഐ എം സംസ്ഥാന സെക്രട്ടറി എം വി ഗോവിന്ദൻ ഉദ്ഘാടനം ചെയ്യു. വൈകിട്ട് നടക്കുന്ന റാലിയും പൊതുസമ്മേളനവും പ്രതിപക്ഷ നേതാവ് പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

RNU TVPM

**************************

## നാലമ്പല ദർശനം-തൃശ്ശൂർ (ഇൻട്രോ)

സംസ്ഥാനത്ത് കർക്കടക മാസാചരണത്തോട് അനുബന്ധിച്ച് നാലമ്പല ദർശനം തുടരുന്നു. രാമായണ മാസാചരണത്തിലെ നാലമ്പല തീർത്ഥാടനത്തിന് ദിനംപ്രതി നിരവധി ഭക്തജനങ്ങളാണ് എത്തിച്ചേരുന്നത്.

**വിശദാംശങ്ങളുമായി ആകാശവാണി തൃശ്ശൂർ ജില്ലാ പ്രതിനിധി ഭരിതാ പ്രതാപ്..............**

(വോയ്സ്)

**************************

## മഴ - സംസ്ഥാനം

സംസ്ഥാനത്ത് ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോട് കൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു.

*************************

## കുറിഞ്ഞി വസന്തം- ഇടുക്കി (ഇൻട്രോ)

ഇടുക്കി മൂന്നാറിന് പുറമേ കട്ടപ്പന കല്യാണത്തണ്ടിലും കുറിഞ്ഞിപ്പൂക്കൾ പൂത്തു. നീലക്കുറിഞ്ഞിയുടെ വകഭേദമായ കാട്ടുകുറിഞ്ഞിയാണ് കല്യാണത്തണ്ട് മലനിരകളിൽ പൂവിട്ടു തുടങ്ങിയത്.

**ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ തയ്യാറാക്കിയ റിപ്പോർട്ട്........**

(വോയ്സ്)

RNU TVPM

*************************

## അവിശ്വാസ പ്രമേയം

കോട്ടയം പാലാ നഗരസഭ അധ്യക്ഷ ദിയ ബിനുവിനെതിരേയുള്ള അവിശ്വാസ പ്രമേയം പാസായി. ഇതോടെ രാജ്യത്തെ ഏറ്റവും പ്രായം കുറഞ്ഞ നഗരസഭാധ്യക്ഷയ്ക്ക് സ്ഥാനം നഷ്ടമായി.

*************************

## വിശിഷ്ട സാഹിതീ സേവാ പുരസ്കാരം

അങ്കണം ഷംസുദ്ദീൻ സ്മൃതി സാംസ്കാരിക വേദിയുടെ വിശിഷ്ട സാഹിതീ സേവാ പുരസ്കാരം എഴുത്തുകാരൻ വൈശാഖന്. സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ പുരസ്കാരം സമ്മാനിച്ചു. രാജൻ ജെ പല്ലൻ എംഎൽഎ, പി വി കൃഷ്ണൻ നായർ, അശോകൻ ചെരുവിൽ, എൻ ശ്രീകുമാർ, തുടങ്ങിയവർ പങ്കെടുത്തു.

**************************

## ഓഹരി, സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ് 229 പോയിൻറ് ഇടിഞ്ഞ് 77,479 ലും നിഫ്റ്റി 62 പോയിൻറ് നഷ്ടത്തിൽ 24,175 ലും വ്യാപാരം തുടരുന്നു.

സ്വർണ വില കൂടി. പവന് 560 രൂപ കൂടി ഒരു ലക്ഷത്തി 5,760 ഉം ഗ്രാമിന് 13,220 രൂപയുമാണ് ഇന്നത്തെ വില.

**************************

## ചീമേനി ആണവ നിലയം

കാസർഗോഡ് ചീമേനിയിൽ ആണവ നിലയം പണിയാൻ സർക്കാർ തീരുമാനിച്ചിട്ടില്ലെന്ന് മന്ത്രി സണ്ണി ജോസഫ്. ചീമേനിയിലെ ആണവ പദ്ധതിയുമായി ബന്ധപ്പെട്ട മാധ്യമ റിപ്പോർട്ടുകളിൽ പ്രദേശവാസികൾ ആശങ്ക അറിയിച്ചതിനെ തുടർന്നാണ് മന്ത്രിയുടെ വിശദീകരണം. പ്രദേശത്തെ ജനപ്രതിനിധികളും ആണവ നിലയം പദ്ധതിയുമായി മുന്നോട്ടു പോകരുതെന്ന് നിർദേശയിച്ചതായി മന്ത്രി വകുപ്പുതല അവലോകന യോഗത്തിൽ വ്യക്തമാക്കി.

RNJ TVPM

*******************************************************************************************************